"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- ഇടുക്കി ജില്ലാപഞ്ചായത്ത്- ഇടുക്കി ജില്ലയിലെ ക്ഷയരോഗികൾക്ക് പോഷകാഹാരം വിതരണം ചെയ്യുന്നതിനുള്ള പ്രോജക്ട് നടപ്പാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1111/2024/LSGD    തീയതി,തിരുവനന്തപുരം, 22-06-2024

---

പരാമർശം:-
1. ഇടുക്കി ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ 29.11.2023 ലെ കത്ത്
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 06.03.2024 ലെ 4.3-ാം നമ്പർ തീരുമാനം

**<u>ഉത്തരവ്</u>**

ഇടുക്കി ജില്ലയിലെ ക്ഷയരോഗികൾക്ക് പോഷകാഹാരം വിതരണം ചെയ്യുന്നതിന് 2021-22 ൽ കോ ഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിയോടെ പ്രൊജക്ട് നടപ്പാക്കിയിരുന്നു. 2022-23 ലും ഈ പ്രൊജക്ട് നടപ്പാക്കിയെങ്കിലും മാർഗ്ഗരേഖയിൽ ഇല്ലാത്തതിനാൽ ഓഡിറ്റ് പരാമർശമുള്ളതിനാൽ ഈ പ്രൊജക്ടിന്റെ നിർവ്വഹണം നടത്താൻ സാധ്യമല്ല എന്ന് നിർവ്വഹണ ഉദ്യോഗസ്ഥനായ ജില്ലാ ആശുപത്രി സൂപ്രണ്ട് അറിയിച്ച സാഹചര്യത്തിൽ 480 ക്ഷയരോഗികൾക്ക് പോഷകാഹാരം നൽകുന്ന ഈ പ്രൊജക്ടിന് അനുമതി നൽകണമെന്ന് ഇടുക്കി ജില്ലാപഞ്ചായത്ത് സെക്രട്ടറി സൂചന (1) പ്രകാരം അപേക്ഷിച്ചിരുന്നു.

06.03.2024 ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോ ഓർഡിനേഷൻ കമ്മിറ്റി ഇക്കാര്യം വിശദമായി പരിശോധിച്ചു. ക്ഷയരോഗികൾക്ക് മരുന്നിനോടൊപ്പം പ്രധാനപ്പെട്ടതാണ് പോഷകാഹാരവും എന്നത് കൂടി പരിഗണിച്ച് ഇടുക്കി ജില്ലയിലെ ക്ഷയരോഗികൾക്ക് പോഷകാഹാരം വിതരണം ചെയ്യുന്ന പ്രോജക്ട് നടപ്പിലാക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, ഇടുക്കി
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sheeba. S. C
Date: 25-06-2024 09:51:47

സെക്ഷൻ ഓഫീസർ